LIBRARY ARCHIVES Kerala Legislative Assembly

പെട്രോൾ

വിലവർദ്ധിപ്പിച്ച തീയതി	അടിസ്ഥാന വിലയിൽ ഉണ്ടായ വർദ്ധനവ് (വില ലിറ്ററിൽ)	അധിക നികുതിയായി ലഭിക്കുമായിരുന്ന പ്രതിമാസ വരുമാനം
14-5-2011	5.00	11.00
16-9-2011	3.14	9.08
3-11-2011	1.82	5.10
24-5-2012	6.28	22.48

ഡീസൽ

വിലവർദ്ധിപ്പിച്ച തീയതി	അടിസ്ഥാന വിലയിൽ ഉണ്ടായ വർദ്ധനവ് (വില ലിറ്ററിൽ)	അധിക നികുതിയായി ലഭിക്കുമായിരുന്ന പ്രതിമാസ വരുമാനം
25-6-2011	3.00	13.07
14-9-2012	5.00	19.95

ആസ്തി വികസന പദ്ധതി - ഭരണാനുമതി ലഭിച്ച പദ്ധതികൾ

109 (2347) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പാക്കുന്നതിനായി വിവിധ സാമാജികർ നിർദ്ദേശിച്ചിട്ടുള്ളതും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ടതുമായ പദ്ധതികളുടെ നാളിതുവരെയുള്ള വിശദമായ വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) അപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതെല്ലാം പദ്ധതികൾക്ക് ഇതു വരെ ഭരണാനുമതി നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 11-6-2012-ലെ സർക്കാർ ഉത്തരവ് (പി) 332/12/ധന പ്രകാരം നിലവിൽ വന്ന ആസ്തി വികസന പദ്ധതിയിൻകീഴിൽ വിവിധ സാമാജികർ നിർദ്ദേശിച്ചതനുസരിച്ച് ഭരണ വകുപ്പ് ശിപാർശ ചെയ്തതും 11-6-2012-ലെ മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് ധനവകുപ്പിന് ലഭിച്ചതുമായ എല്ലാ പ്രവൃത്തികൾക്കും ഈ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.* ധനാനുമതി നൽകുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.